Talented Bankers Literary Panel
പുസ്തക പരിചയം 202

പുസ്തകം പരിചയപ്പെടുത്തുന്നത്,
ജിതിൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുറുപ്പന്തറ ശാഖ.

പഞ്ചവൻ കാട്
വൈക്കം ചന്ദ്രശേഖരൻ നായർ

പതിവില്ലാതെ പ്രധാന ശേവുകാരൻ, രഹസ്യ മുറിയുടെ മുൻപിൽ മുഖം കാണിച്ചു. മഹാരാജാവ് അത് കണ്ടു. അടിയന്തര ഘട്ടങ്ങളിൽ അയാൾക്ക് അതിനുള്ള അനുമതിയുണ്ട്, തിരുമനസ്സുകൊണ്ട് അയാളെ അകത്തേക്ക് അനുവദിച്ചു, ശേവുകാരൻ താണ് വണങ്ങി ഇങ്ങനെ അറിയിച്ചു.

" കൊല്ലവർഷം 2021 കാലത്തു നിന്നും ഒരുവൻ കുറിമാനവുമായി എത്തിയിരിക്കുന്നു. മഹാരാജാവ് തിരുമനസ്സിനെ മുഖം കാണിക്കണമെന്നും അടിയന്തരക്കാര്യമാണെന്നും തെര്യപ്പെടുത്താൻ, അടിയനെ അറിയിച്ചിരിക്കുന്നു. "

മഹാരാജാവ് അരികിൽ നിന്നിരുന്ന രായസംപിള്ള രാമയ്യനെ ഒന്ന് നോക്കി. രാമയ്യൻ കൂർമ്മ ബുദ്ധിയാണ്. നിമിഷ നേരം കൊണ്ട് രാജദൃഷ്ടിയുടെ അർത്ഥം ഗ്രഹിച്ചു.

" അടിയൻ, കൊല്ലവർഷം 2021 എന്നു പറയുമ്പോൾ കാലം കുറെ കഴിഞ്ഞാണ്. ഉള്ളത് പറയുമ്പോൾ തിരുവുള്ളക്കേട് ഉണ്ടാകുമോ എന്നു ഭയമുണ്ട്, എങ്കിലും ഉണർത്തിക്കട്ടെ. ഈ നിൽക്കുന്ന രാമയ്യന്നോ, അടിയന്റെ മുന്നിലിരിക്കുന്ന വേണാട്ടധിപൻ തിരു മാർത്താണ്ഡവർമ്മ മഹരാജാവോ അക്കാലമാത്രയും ഈ ഭൂമുഖത്ത് ജീവിച്ചിരിപ്പാൻ തരമില്ല. അത് കൊണ്ട് തന്നെ വന്നിരിക്കുന്നത് യാതൊരു വശാലും രാജ്യത്തിനോ ദേഹത്തിനോ ദ്രോഹം ചെയ്യുന്ന ഒരുത്തൻ ആണെന്ന് കരുതേണ്ടതില്ല എന്നാണ് അടിയന്റെ അഭിപ്രായം. "

" അത് നന്നായി രാമയ്യൻ " മഹാരാജാവ് തിരുമനസ്സുകൊണ്ട് വാതിൽക്കൽ നിന്നിരുന്ന ശേവുകാരന്റെ നേർക്ക് മുഖം തിരിച്ചു. പ്രധാന ശേവുകാരൻ ആ കല്പന സ്വീകരിച്ചു പിൻവാങ്ങി.

രഹസ്യ മുറിയിലേക്കുള്ള വഴി മനസ്സിലാകാൻ ഇടവരുത്താത വിധം, കോട്ടവാതിൽക്കൽ നിന്നുതന്നെ കറുത്ത മുഖപടം അണിഞ്ഞാണ് കുറിമാനവും കൊണ്ട് വന്നയാൾ അകത്തേക്ക് പ്രവേശിക്കപ്പെട്ടത്. പ്രവേശിപ്പിച്ച ഉടൻ തന്നെ അയാളെ ചുവരിൽ മുഖം തിരിച്ചു നിർത്തി,

ഭടന്മാർ രണ്ടുപേർ ചേർന്ന് ഒരു വട്ടം കൂടി അടിമുടി പരിശോധിച്ച്, അപായങ്ങൾ ഒന്നും തന്നെ ദേഹത്തില്ല എന്നുറപ്പു വരുത്തി. ശേഷം അതിലൊരാൾ, വന്നയാളുടെ മടിക്കുത്തിൽ കുറിമാനം തിരഞ്ഞു. ഏറെ തിരഞ്ഞിട്ടും എഴുത്തു കുത്തുകൾ ഒന്നും തന്നെ കിട്ടിയില്ല. ആകെ കിട്ടിയത് ഒരു ചതുര കട്ടയാണ്. മഹാരാജാവ് ഒന്നമ്പരുന്നു. പക്ഷെ, വേണാട്ടധിപൻ ഏത് വിപത്തിന്റെ മുന്നിലും തല കുലുക്കാതെ നിൽക്കേണ്ടവനാണ്, അതുകൊണ്ട് അദ്ദേഹമത് പുറത്ത് കാണിച്ചില്ല.

രാമയ്യൻ മഹാരാജാവിന്റെ മനസ്സ് മനസ്സിലാക്കിയെന്നോണം മുന്നോട്ട് ചെന്ന്, വന്നയാളെ വട്ടം പിടിച്ചു.

" കുറിമാനം എവിടെ ?" രാമയ്യന്റെ അലർച്ചയിൽ അവിടെ കൊളുത്തിയ നിലവിളക്കിലെ തിരികളാകെയൊന്ന് ഭയന്ന് വിറച്ചു. ഇനി നടക്കുന്നത് കാണുവാൻ ഉള്ള ശേഷി ഇല്ലാത്തത് കൊണ്ടാകാം, അവയിൽ ഒന്ന് മെല്ലെ കണ്ണുകൾ അടച്ചു.

വന്നയാൾ എന്തോ മിണ്ടാൻ ശ്രമിച്ചു, മടിയിലിരുന്ന ചതുര കട്ട പരതി. രാമയ്യന് കാര്യം മനസ്സിലായി. അയാളുടെ ഉത്തരവ് പ്രകാരം, വന്നവന്റെ മുഖാവരണം മാറ്റുകയും, ചതുരക്കട്ട കൈയ്യിൽ കൊടുക്കുകയും ചെയ്യപ്പെട്ടു. പക്ഷെ, അനുവാദമില്ലാതെ അനങ്ങിയാൽ തല കൊയ്യാൻ പാകത്തിന്, ഊരി പിടിച്ച വാളുകളിൽ ഒന്ന്, അപ്പോഴേക്കും അയാളുടെ കഴുത്തിന് മുന്നിൽ നിന്നു തിളങ്ങി.

വന്നയാളുടെ കൈയ്യിൽ ഇരുന്നത് ഒരു മൊബൈൽ ആയിരുന്നു. അയാൾ തന്റെ വിറക്കുന്ന വിരലുകളിൽ ഒന്ന് കൊണ്ട്, സ്ക്രീൻ ലോക്ക് മാറ്റി, ടാലന്റട് ബാങ്കേഴ്സിന്റെ ഫേസ്ബുക്ക് പേജിലെ, പുസ്തക നിരൂപണങ്ങളിൽ ഒന്ന് തുറന്നെടുത്തപ്പോഴേക്കും, ഒരു തുള്ളി വിയർപ്പ് അയാളുടെ തലയിൽ നിന്നിറങ്ങി, കവിളത്ത് കൂടി താഴെക്ക് വീണ് ചിന്നിച്ചിതറിയ ശബ്ദം കേട്ടത് പോലെ. അത്ര പേടിപ്പിക്കുന്ന നിശബ്ദത അവിടെ തളം കെട്ടി നില്ക്കുന്നു എന്നയാൾക്ക് തോന്നി. അയാൾ വായിക്കേണ്ട ഭാഗം എടുത്തു രാമയ്യന് നേരെ നീട്ടി.

രാമയ്യൻ അത് മേടിച്ച്, അനുവാദം തേടി മഹാരാജാവിന്റെ മുഖത്തേക്ക് നോക്കി.

" ഇത്ര കനപ്പെട്ട വസ്തുവിൽ എഴുതി കൊണ്ട് വന്ന രഹസ്യത്തിന്റെ കനം എന്തുണ്ട് എന്ന് നാം കേൾക്കട്ടെ രാമയ്യൻ, വായിച്ചാലും." മഹാരാജാവ് ഉത്തരീയത്തിന്റെ ഒരു പാതി എടുത്ത് തന്റെ കൈ തണ്ടത്തിലിട്ട്, ഇടത് കൈ നിലത്ത് കുത്തിയ വാളിലും, വലത് കൈ വലത്തെ തുടയിലും കുത്തി, നിവർന്നിരുന്നു.

രാമയ്യൻ അതിൽ എഴുതുയിരിക്കുന്നത് വായിച്ചു.

" ശ്രീ വഞ്ചിരാജപതി ശ്രീ വീരമാർത്താണ്ഡവർമ്മ മഹാരാജാധി രാജമന്നന്, ബഹുമാനപുരസ്സരം ടാലന്റഡ് ബാങ്കേഴ്‌സ് ലിറ്ററി പാനൽ എഴുതി കൊടുത്തയക്കുന്നത് എന്തെന്നാൽ,

തിരുമനസ്സിന്റെ ഭരണ കാലത്ത് വേണാട്ടു നാട് കണ്ട ആഭ്യന്തര കലാപത്തിന്റെ ഉദ്വേഗജനകമായ കഥ, ശ്രീ വൈക്കം ചന്ദ്രശേഖരൻ നായർ, 1970കളിൽ പഞ്ചവൻ കാട് എന്ന പേരിൽ ഒരു നോവൽ ആയി എഴുതുകയും, മേൽപ്പറഞ്ഞത് അക്കാലത്തെ പ്രമുഖ പ്രസാധകരിൽ ഒരുവൻ ആയ ഡിസി ബുക്ക്സ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു. പിന്നീട് കൊല്ലവർഷം 2008ൽ ഡിസി ബുക്ക്സ് തന്നെ, ഗ്രന്ഥ ശാലകളിൽ നിന്നും വീണ്ടും വീണ്ടും വായിക്കപ്പെട്ടിട്ടുള്ള, വ്യത്യസ്തമായ പത്ത് നോവലുകൾ "നൊസ്റ്റാൾജിയ" എന്ന പേരിൽ മലയാള വായനക്കാരെ ഓർമ്മപ്പെടുത്തിയപ്പോൾ, അവയിൽ ഒന്ന് മേൽപറഞ്ഞ പുസ്തകം ആണെന്നതും അറിയിച്ചുകൊള്ളട്ടെ. അവിടുത്തെ അറിവിലേക്ക് ആയി അതിലെ ഒന്ന് രണ്ട് വരികളും ചുവടെ കൊടുക്കുന്നു.

..... അങ്ങനെ പുതിയ ഭയങ്ങളോട് കൂടി രാത്രി കാലം കഴിച്ചു കൂട്ടുന്ന തിരുവാട്ടാറ്റ് കൂടിയാണ് ആ കുതിരക്കാരന്റെ വരവ്. അതും ഒറ്റക്ക്. നല്ല ധൈര്യമുള്ള ആളായിരിക്കണം. അതോ, അവിടുത്തെ കഥകൾ ഒന്നും അറിയാത്ത വല്ല വിദേശിയുമാണോ കുതിരക്കാരൻ ?

ഈ സമയത്ത് കുറ്റിക്കാടുകളുടെയും നടപ്പാതയുടെയും പല ഭാഗങ്ങളിൽ ഒരേ രീതിയിൽ ചിലത് നടന്നു. ഒരിടത്ത് ഒരു മരത്തിന്റെ മറവിൽ ഒരു തിരി തെളിഞ്ഞു. അത് അല്പമൊന്നുയർന്നു. എന്നിട്ട് കെട്ടു. അമ്പത് വാരെ അകലെ ഒരു കുറ്റിച്ചെടിയുടെ കീഴിൽ മറ്റൊരു തിരി തെളിഞ്ഞു. അല്പമൊന്നുയർന്നു. അതും കെട്ടു. കുറച്ചു കൂടി കിഴക്കോട്ട് മാറി ഇത് തന്നെ ആവർത്തിക്കപ്പെട്ടു. ആ കുതിരക്കാരൻ ഇത് ഒന്നും കണ്ടെതായി തോന്നുന്നില്ല. അത്ര നേരിയ തെളിച്ചമുള്ള തിരിയും, ദ്രുത ഗതിയിലുള്ള കത്തലും കെടലുമാണ്. ഇങ്ങനെ ഒരേ ക്രമത്തിൽ ഉള്ള കാഴ്ച, (ആ കുതിരക്കാരന്റെ വരവ് അറിയിച്ചുകൊണ്ടുള്ള ) അടയാളമാകാനെ തരമുള്ളൂ. ....

ഇത്രയും വായിച്ചപ്പോൾ തന്നെ അവിടുത്തേക്ക് ഇത് പൂർണ്ണമായും വായിക്കുവാൻ ഉള്ള കൗതുകം ഉണ്ടായിട്ടുണ്ടാകും എന്ന് കരുതുന്നു. ആകാംഷയോടെ അല്ലാതെ വായിച്ചു തീർക്കാൻ ആകാത്ത ഈ പുസ്തകം, ഏതാണ്ട് 320 രൂപക്ക് മേടിക്കാൻ ആകുന്നത് ആണ്. എന്നാൽ, വെറും 85 രൂപ മുടക്കിൽ ആമസോണിന്റെ കിന്റിലിലും ഇത് വായിക്കാം എന്നിരിക്കെ, ഈ കുറിപ്പടി എഴുതി കൊടുത്തു വിടുന്ന " ചതുര കട്ടയിൽ " അതിനുള്ള സൗകര്യവും അവിടുത്തേക്ക് ലഭ്യമാണ്. വേണ്ട വിധം പ്രവർത്തയ്ക്കും എന്നു വിശ്വാസപ്പൂർവ്വം.

തിരുമനസ്സിന്റെയും ലോക ജനതയുടെയും ആയുസ്സിനും ആരോഗ്യത്തിനും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട്,

ടീം ടാലെന്റഡ് ബാങ്കേഴ്സ്. "